# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 6440    11-07-2012 - ൽ മറുപടിക്ക്

### എറണാകുളത്ത് അഭിഭാഷക സ്ഥാപനം

ചോദ്യം
ശ്രീ. എസ്. രാജേന്ദ്രൻ

ഉത്തരം
ബഹു: ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ അഡ്വക്കേറ്റ് ജനറലിന്റെയോ അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളുടേയോ ഉടമസ്ഥതയിൽ എറണാകുളത്ത് അഭിഭാഷക സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ ; | ശ്രീ. കെ. പി. ദണ്ഡപാണി അഡ്വക്കേറ്റ് ജനറൽ പദവിയിൽ എത്തുന്നതിന് മുമ്പ് കെ. പി. ദണ്ഡപാണി അസോസിയേറ്റ്സ് എന്ന അഭിഭാഷക സ്ഥാപനത്തിന് സാരഥ്യം വഹിച്ചിരുന്നു. ഇപ്പോൾ ഈ സ്ഥാപനം നയിക്കുന്നത് ശ്രീ. കെ. പി. ദണ്ഡപാണിയുടെ പത്നിയും സീനിയർ അഭിഭാഷകയുമായ ശ്രീമതി. സുമതി ദണ്ഡപാണിയും മകൻ ശ്രീ മില്ലു ദണ്ഡപാണിയുമാണ്. |
| (ബി) | ഇത് സംബന്ധിച്ച പത്രവാർത്തകൾ പരിശോധിച്ചിട്ടുണ്ടോ ; | ഇതു സംബന്ധിച്ച പത്രവാർത്ത പരിശോധിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത സ്ഥാപനത്തിന് ഡസനിലേറെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്റ്റാൻഡിങ് കോൺസൽ പദവി ലഭിച്ചുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ ; | ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഗുരുവായൂർ ദേവസ്വവും കേരളാ ഫിനാൻസ് കോർപ്പറേഷനും, കേരളാ വാട്ടർ അതോറിറ്റിയും, അവർ എംപാനൽ ചെയ്ത നിരവധി അഭിഭാഷകരിൽ ഒരാളാണ് ശ്രീ. മില്ലു ദണ്ഡപാണി. |
| (ഡി) | പ്രസ്തുത സ്ഥാപനം ഏറ്റെടുക്കുന്ന കേസുകളിൽ സർക്കാർ തന്നെ എതിർകക്ഷിയാകുമ്പോൾ സർക്കാർഭാഗം ദുർബലപ്പെടാനുള്ള സാധ്യതയുണ്ടെന്ന വാദം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി പരിശോധിക്കുമോ ; | പ്രസ്തുത വാദം സർക്കാർ പരിശോധിച്ചിട്ടുണ്ട്. ഈ വാദം അടിസ്ഥാന രഹിതമാണ്. പ്രത്യേകമായി പരാതി ഏതെങ്കിലും ചൂണ്ടികാണിക്കുകയാണെങ്കിൽ ആയത് പരിശോധിക്കുന്നതാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ